**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6514 | 08.11.2016 ൽ മറുപടിക്ക്

## പൂക്കോട് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സ

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| ഗുരുവായൂർ നഗരസഭാ പ്രദേശത്ത് വരുന്ന പൂക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | പൂക്കോട് മിനി പ്രാഥമികാരോഗ്യ കേന്ദ്രമാണ് നിലവിലുള്ളത്. രോഗപ്രതിരോധത്തിനും മാതൃശിശു പരിചരണത്തിനും വിവിധ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകി പ്രവർത്തിച്ചു വരുന്ന ആരോഗ്യ കേന്ദ്രമാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. ആവറേജ് ഒ.പി.150 ആയ ഈ ആശുപത്രിയിൽ നിലവിൽ ഒരു ഡോക്ടറും സ്റ്റാഫ് നഴ്സും മറ്റ് അനുബന്ധ സ്റ്റാഫുമാണുള്ളത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് സേവന മേഖലകൾ വിപുലപ്പെടുത്താൻ ആലോചിച്ച് വരുന്നുണ്ട്. ടി ആശുപത്രിക്ക് 8 കി.മീ ചുറ്റളവിലായി ഗുരുവായൂർ ദേവസ്വം വക ആശുപത്രി $4^1/_2$ കി.മീ ചുറ്റളവിലായി ചാവക്കാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, 6 കി.മീ ചുറ്റളവിലായി കുന്ദംകുളം താലൂക്കാശുപത്രി എന്നിവ സ്ഥിതി ചെയ്യുന്നു. ഇവിടങ്ങളിൽ കിടത്തി ചികിത്സ സൗകര്യം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ